## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 603** **09-07-2013 ൽ മറുപടിക്ക്**

### വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>" പി.കെ. ബഷീർ<br>" സി. മമ്മൂട്ടി<br>" എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സ്വാഭാവിക വനവിസ്തൃതി ആവശ്യമായതിന്റെ ശരാശരി യിലും കറവാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വനവിസ്തൃതി വർദ്ധിപ്പിക്കുന്ന തിനുള്ള പദ്ധതികളെ ന്തെങ്കിലും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ദേശിയ വനനയമനുസരിച്ച് ഭ്രവിസ്തൃതിയുടെ കുറഞ്ഞത് മൂന്നിലൊന്ന് വനമായോ വൃക്ഷാവരണമായോ നിലനിർത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ ആവശ്യമായ സ്വാഭാവിക വനത്തിന്റെ ശരാശരി വിസ്തൃതി നിർണ്ണയിക്കപ്പെട്ടിട്ടില്ല. വനാവരണവും വൃക്ഷാവരണവും പോഷിപ്പിക്കാൻ പല പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | സ്വാഭാവിക വനമേഖല, പ്ലാന്റേഷന് വിട്ടുകൊടുക്കുന്ന രീതി നിലവിലുണ്ടോ;എങ്കിൽ സ്വഭാവിക വനത്തിനും, പ്ലാന്റേഷൻ മേഖലയ്ക്കും വിസ്തൃതി യുടെ കാര്യത്തിൽ അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സ്വാഭാവിക വനം പ്ലാന്റേഷനായി പരിവർത്തനം ചെയ്യിരുന്ന സമ്പ്രദായം നിലവിലില്ല. സ്വാഭാവിക വനത്തിനും, പ്ലാന്റേഷൻ മേഖലയ്ക്കും വിസ്തൃതിയുടെ കാര്യത്തിൽ അനുപാതം നിശ്ചയിച്ചിട്ടില്ല. |
| (സി) | വനവിസ്തൃതി നിലനിർത്തുന്ന തിന്റെ ഭാഗമായി ഗ്രാമീണ മേഖലയിലെ പുറമ്പോക്ക് തരിശ്ശുകളിൽ ചെറുവനങ്ങൾ വളർത്തികൊണ്ടു വരുന്ന തിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ? | (സി) | സംസ്ഥാനത്ത് ഗ്രാമീണ മേഖലകളിലും പുറമ്പോക്ക് തരിശ്ശുകളിലും മറ്റും വൃക്ഷാവരണം നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി ഹരിതകേരളം, ഗ്രീൻ ഇൻഡ്യാമിഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കണ്ടൽകാടുകളും കാവുകളും സംരക്ഷിക്കുന്നതിനും സ്വകാര്യഭ്രമികളിൽ വൃക്ഷവൽക്കരണം നടപ്പിലാക്കുന്നതിനും പ്രോത്സാഹന ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ